**പതിമൂന്നാം കേരള നിയമസഭ**
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 400

18-12-2014- ൽ മറുപടിയ്ക്ക്

## സയൻസ് സിറ്റി

ചോദ്യം

ശ്രീ .ലൂഡി ലൂയിസ് :
ശ്രീ .സണ്ണി ജോസഫ് :
ശ്രീ .എം.എ. വാഹീദ് :
ശ്രീ .എം.പി.വിൻസെന്റ് :

ഉത്തരം

ശ്രീ .പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് സയൻസ് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. കോട്ടയം, കുറവിലങ്ങാട് കേന്ദ്രമാക്കി സയൻസ് സിറ്റി തുടങ്ങാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 30 ഏക്കർ സ്ഥലം കൃഷി വകുപ്പിൽ നിന്നും ഏറ്റെടുത്തു. ചുറ്റുമതിലിന്റെ പണി പൂർത്തിയായി വരുന്നു. സയൻസ് സിറ്റിയുടെ ഭാഗമായ സയൻസ് സെന്റർ തുടങ്ങുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) പൊതുസമൂഹത്തിൽ ശാസ്ത്ര സംബന്ധമായ അറിവുകളുടെ കാര്യക്ഷമമായ വിതരണം സാദ്ധ്യമാക്കുക, ജനങ്ങളിൽ ശാസ്ത്ര ബോധവും ആഭിമുഖ്യവും വളർത്തിയെടുക്കുക എന്നതാണ് സയൻസ് സിറ്റികൊണ്ട് ലക്ഷ്യമാക്കുന്നത്. |

| | |
|---|---|
| | ശാസ്ത്രത്തിന്റെ വളർച്ചയും, വികാസവും ചിത്രീകരിക്കുന്നതിനും വിവിധ ശാസ്ത്ര പഠന ശാഖകളുടെ തത്വങ്ങളെയും അടിസ്ഥാന സിദ്ധാന്തങ്ങളെയും പ്രായോഗിക രൂപത്തിൽ പരിചയപ്പെടുത്തുന്നതിനും വേണ്ടി തയ്യാറാക്കിയ വിവിധ ഗ്യാലറികൾ, സ്പേസ് തീയേറ്റർ, സയൻസ് പാർക്ക്, സയൻസ് ലൈബ്രറി, ബോട്ടാണിക്കൽ ഗാർഡൻ, ശാസ്ത്ര പ്രദർശന ഹാളുകൾ, വാട്ടർതീം സയൻസ് പാർക്ക്, ബട്ടർഫ്ളൈ പാർക്ക്, ത്രില്ലേറിയം, ഹൈടെക്ക് ക്ലാസ്സ് മുറികൾ, സെമിനാർ ഹാളുകൾ തുടങ്ങിയ സംവിധാനങ്ങളൊക്കെ ഒരു കുടക്കീഴിൽ യാഥാർത്ഥ്യമാക്കുന്ന ബൃഹത്തായ ഒരു പ്രദർശന നഗരിയാണ് സയൻസ് സിറ്റി കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>കോട്ടയത്ത് ശാസ്ത്ര നഗരി യാഥാർത്ഥ്യമാകുന്നതോടെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രാധിഷ്ഠിത വിനോദത്തിന്റെയും ഏഷ്യയിലെ ഏറ്റവും വലിയ കേന്ദ്രമായി കോട്ടയം മാറും. ശാസ്ത്ര പ്രതിഭകൾ, ഗവേഷകർ തുടങ്ങിയവർ പങ്കെടുക്കുന്ന ചർച്ചകളും സെമിനാറുകളും ഈ നഗരിയെ ശാസ്ത്രാന്വേഷികളുടെ ഒരു സംഗമ കേന്ദ്രമാക്കി മാറ്റും. ശാസ്ത്ര വിദ്യാഭ്യാസം, ടൂറിസം, |

| | |
|---|---|
| | തൊഴിൽ മേഖലകളിൽ സംസ്ഥാനത്തിന്റെ വളർച്ചക്കും വികസനത്തിനും ഇത് വഴിയൊരുക്കും. |
| സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ; | സി) ഏകദേശം 100 കോടി രൂപ ചെലവുള്ള ഈ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും, നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളിൽ നിന്നും ധനം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ നാളിതുവരെ 32.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) 30 ഏക്കർ ഭൂമി കൃഷി വകുപ്പിൽ നിന്നും പദ്ധതിക്കു വേണ്ടി ഏറ്റെടുത്തിട്ടുണ്ട്. ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. സയൻസ് സിറ്റിയുടെ ഭാഗമായ സയൻസ് സെന്ററിന്റെ കെട്ടിടനിർമ്മാണം നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ